# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6574 — 04.04.2018 ൽ മറുപടിക്ക്

**മരാമത്ത് പണികളുടെ ഗുണനിലവാര പരിശോധന**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് മരാമത്ത് പണികളുടെ ഗുണനിലവാരം പരിശോധിക്കാൻ ചുമതലയുള്ള ഉദ്യോഗസ്ഥർ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ മരാമത്ത് പണികളുടെ ഗുണനിലവാരം പ്രസ്തുത പ്രവൃത്തികളുടെ മേൽനോട്ടത്തിന് ചുമതലയുള്ള ഉദ്യോഗസ്ഥർ, പൊതുമരാമത്ത് ക്വാളിറ്റി വിഭാഗം ഉദ്യോഗസ്ഥർ, മെയിന്റനൻസ് വിഭാഗം ഉദ്യോഗസ്ഥർ എന്നിവർക്കാണ്. പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി Three-tier Quality Control System നിലവിലുണ്ട്. ഇതിൻ പ്രകാരം ബന്ധപ്പെട്ട എഞ്ചിനീയർമാർ പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന മെറ്റീരിയൽസ് അംഗീകാരമുള്ള ലാബുകളിൽ സമർപ്പിച്ച് ഗുണനിലവാരം പരിശോധിച്ച് ഫസ്റ്റ് ടയർ ക്വാളിറ്റി കൺട്രോൾ ഉറപ്പുവരുത്താറുണ്ട്. സെക്കന്റ് ടയർ ക്വാളിറ്റി സിസ്റ്റം നടപ്പിലാക്കിയതിന്റെ ഭാഗമായി ടി വകുപ്പിന്റെ അധീനതയിൽ ഗുണനിലവാര നിർണ്ണയത്തിനായി എല്ലാ ജില്ലകളിലും ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധീനതയിൽ ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ ഓഫീസും അതിനോടനുബന്ധിച്ച് ക്വാളിറ്റി കൺട്രോൾ ലാബും പ്രവർത്തിച്ചു വരുന്നുണ്ട്. ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷനിൽ പ്രവർത്തിച്ചു വരുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാർ പ്രവൃത്തികൾ നടന്നു കൊണ്ടിരിക്കുമ്പോൾ പ്രവൃത്തി നടക്കുന്ന സ്ഥലം സന്ദർശിക്കുകയും ചെയ്തു പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്തുക, സാമ്പിളുകൾ ശേഖരിക്കുക ആയവ ക്വാളിറ്റി കൺട്രോൾ ലാബിൽ എത്തിച്ച് പരിശോധനയ്ക്ക് |

വിധേയമാക്കാറാണുള്ളത്. ആയതിന്റെ പരിശോധനാ ഫലം ബന്ധപ്പെട്ട അധികാരികൾക്ക് കൈമാറുകയും ചെയ്യാറുണ്ട്. അഞ്ച് കോടി രൂപയിൽ കൂടുതലുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ടെക്നിക്കൽ ഓഡിറ്റിംഗം ഏർപ്പെടുത്തുന്നതിനായി നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ ദേശീയപാതാ വിഭാഗത്തിൽ വലിയ പദ്ധതികൾ എഞ്ചിനീയറിംഗ് പ്രൊക്യൂയർമെന്റ് ആന്റ് കൺസ്ട്രക്ഷൻ(EPC) വ്യവസ്ഥയിൽ നടപ്പിലാക്കി വരുന്നുണ്ട്. ഇത്തരം പദ്ധതികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി പ്രത്യേകം കൺസൾട്ടന്റ് എഞ്ചിനീയർമാരെ നിയമിക്കാറുണ്ട്. സാമൂഹ്യ ഓഡിറ്റിങ് ഏർപ്പെടുത്തിയിട്ടുണ്ട്. ധനവകുപ്പിലെ ചീഫ് ടെക്നിക്കൽ എക് സാമിനർക്കും ഉത്തരവാദിത്തം ഉണ്ട്.

| | |
|---|---|
| (ബി) ഉദ്യോഗസ്ഥർ പരിശോധിച്ച് ഗുണനിലവാരം ഉറപ്പ് വരുത്തിയ പ്രവൃത്തികൾ ഗ്യാരന്റി കഴിയുന്നതിന് മുമ്പ് തകരുന്ന തായുള്ള വാർത്തകൾ സർക്കാ രിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കിയ പലപ്രവൃത്തികളും ഗ്യാരന്റി പീരിയഡ് കഴിയുന്നതിനുമുമ്പ് തകരുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഗ്യാരന്റി പീരിയഡിലുണ്ടാകുന്ന അപാകതകൾ പ്രവൃത്തിയുടെ കരാറുകാരുടെ ചെലവിൽത്തന്നെ പരിഹരിച്ച് വരുന്നുണ്ട്. അല്ലാത്ത പക്ഷം അവർക്കെതിരെ കർശന നിയമ നടപടികളും സ്വീകരിക്കുന്നുണ്ട്. കരാറുകാരൻ ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ നടത്തിയാൽ ആയത് കരാറുകാരന്റെ സ്വന്തം ചെലവിൽ നീക്കം ചെയ്ത് ഗുണനിലവാരത്തോടു കൂടി പുനർനിർമ്മിക്കാൻ പുതുക്കിയ പൊതുമരാമത്ത് മാന്വൽ പ്രകാരം വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ ചെയ്യുന്ന കരാറുകാരുടെ ലൈസൻസ് പുതുക്കി നൽകാതിരിക്കുന്നതിനും മാന്വലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഈ സർക്കാർ വന്ന ശേഷം ഗുണപരമായ വലിയ മാറ്റം മരാമത്ത് പണികളിൽ സംഭവിച്ചുവരുന്നതായി ഏവരും സമ്മതിക്കുന്ന കാര്യമാണ്. |

സെക്ഷൻ ഓഫീസർ